## 23-07-2015-ൽ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) മേശപ്പുറത്തുവച്ച മറുപടിപ്രസംഗം

2014-15 സാമ്പത്തിക വർഷത്തെ മൊത്തം റവന്യൂ വരുമാനം 57,937 കോടി രൂപയാണ്. ഇതിൽ സംസ്ഥാന നികുതി വരുമാനം 35,233 കോടി രൂപയും തനത് നികുതിയേതര വരുമാനം 7,270 കോടി രൂപയുമാണ്. കേന്ദ്രത്തിൽനിന്ന് നികുതി വിഹിതമായും ധനസഹായമായും സംസ്ഥാനത്തിന് ലഭിച്ച വരുമാനം യഥാക്രമം 7,926 കോടി രൂപയും 7,508 കോടി രൂപയുമാണ്. കേന്ദ്ര നികുതി വിഹിതത്തിൽ 2014-15 ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 1,439 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്.

സംസ്ഥാന നികുതി വരുമാനത്തിൽ 2014-15 ലെ പുതുക്കിയ എസ്റ്റിമേറ്റിന്റെ 92 ശതമാനത്തോളം പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2014-15 ൽ തനത് നികുതി വരുമാനത്തിൽ 10 ശതമാനത്തിന്റെ വളർച്ചയുണ്ടായിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങൾക്കുണ്ടായ വിലക്കുറവ്, റബ്ബർ വിലയിൽവന്ന ഇടിവ്, അവശ്യസാധനങ്ങൾ, മരുന്നുകൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതിയിളവുകൾ, ഭൂമി ക്രയവിക്രയത്തിലുണ്ടായ ഇടിവ്, മദ്യവിൽപനയിലുണ്ടായ കുറവ്, സ്വർണ്ണ വ്യാപാരികൾക്ക് കോമ്പൗണ്ട്

നികുതിയിനത്തിൽ നൽകിയ ഇളവ് തുടങ്ങിയവയൊക്കെ റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്കിനെ ബാധിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തെ റവന്യൂ ചെലവ് 72,374 കോടി രൂപയാണ്. 2013-14 സാമ്പത്തിക വർഷത്തേക്കാൾ റവന്യൂ ചെലവിൽ 11,889 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. റവന്യൂ ചെലവിൽ പ്രധാന ഇനങ്ങളായ ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലെ 2014-15 സാമ്പത്തിക വർഷത്തെ ചെലവ് യഥാക്രമം 21,367 കോടി രൂപ, 11,253 കോടി രൂപ, 10,399 കോടി രൂപ എന്നിങ്ങനെയാണ്. 2014-15 സാമ്പത്തിക വർഷത്തെ റവന്യൂ കമ്മി 14,437 കോടി രൂപയാണ്. 2013-14 സാമ്പത്തിക വർഷം ഇത് 11309 കോടി രൂപയായിരുന്നു.

2014-2015 സാമ്പത്തിക വർഷത്തെ ആകെ മൂലധന ചെലവ് 4,255 കോടി രൂപയാണ്. ടി സാമ്പത്തിക വർഷത്തെ ധനകമ്മി 19,283 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ കടം 2013-14 സാമ്പത്തിക വർഷത്തെ 1,19,009 കോടിയിൽ നിന്നും 2014-15 വർഷം 1,35,458 കോടി രൂപയായി ഉയർന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവുമായി താരതമ്യം ചെയ്യുമ്പോൾ 2014-15 സാമ്പത്തിക വർഷം ഇത് 27.66 ശതമാനമായിരുന്നു.

2015-16 സാമ്പത്തിക വർഷം 77,427.20 കോടി രൂപയുടെ റവന്യൂ വരവും

85,259.12 കോടി രൂപയുടെ റവന്യൂ ചെലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചത്. 2015-16 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി 7,831.92 കോടി രൂപയാണ്. ഇത് സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 1.37 ശതമാനമാണ്. 2015-16 സാമ്പത്തിക വർഷം എസ്റ്റിമേറ്റ് ചെയ്തിരിക്കുന്ന മൂലധന ചെലവ് 9,220.16 കോടി രൂപയാണ്. ഈ വർഷം പ്രതീക്ഷിക്കുന്ന ധനകമ്മി 17,699.25 കോടി രൂപയാണ്.

2015-16 ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന തനത് നികുതി വരുമാനം 45,428 കോടി രൂപയാണ്. 2015-16 ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന തനത് നികുതിയേതര വരുമാനം 8,931 കോടി രൂപയാണ്. ഇത് 2014-15 സാമ്പത്തിക വർഷം ലഭിച്ച യഥാർത്ഥ നികുതിയേതര വരുമാനത്തേക്കാൾ 1,661 കോടി രൂപ കൂടുതലാണ്. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ യുക്തിസഹമായി പരിഷ്കരിച്ചതിലൂടെയാണ് നികുതിയേതര വരുമാനത്തിൽ നേട്ടം കൈവരിക്കാൻ സാധിച്ചത്.

2015-16 സാമ്പത്തിക വർഷം മുതലുള്ള കേന്ദ്ര നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധന സഹായവും നിശ്ചയിച്ചിരിക്കുന്നത് പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം നികുതികളിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം

നിലവിലെ 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനത്തിനുള്ള നികുതി വിഹിതവും നിലവിലെ 2.341 ൽ നിന്നും 2.5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാന പദ്ധതികൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ള കേന്ദ്ര ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ള ധനസഹായം സംബന്ധിച്ച് വിവിധ കേന്ദ്ര മന്ത്രാലയങ്ങൾ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച യഥാർത്ഥ കുറവ് തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. 2015-16 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി 13,121.77 കോടി രൂപയും കേന്ദ്ര ധനസഹായമായി 9,946.28 കോടി രൂപയും പ്രതീക്ഷിക്കുന്നു.

2015-16 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ റവന്യൂ ചെലവ് 85,259.12 കോടി രൂപയാണ്. ഇത് 2014-15 ലെ താൽക്കാലിക കണക്കുകൾ പ്രകാരമുള്ള 72,374.25 കോടിയേക്കാൾ 12,885 കോടി കൂടുതലാണ്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹ്യ സർവ്വീസുകൾ, കൃഷി, വ്യവസായം തുടങ്ങിയ സാമ്പത്തിക സർവ്വീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം എന്നിവയുൾപ്പെടുന്ന വികസന പ്രവർത്തനങ്ങൾക്കുവേണ്ടി റവന്യൂ ചെലവിനത്തിൽ

2015-16 ൽ നീക്കി വച്ചിരിക്കുന്നത് 47,802.71 കോടി രൂപയാണ്.

പത്താം ശമ്പള കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണത്തിനും പെൻഷൻ പരിഷ്ക്കരണത്തിനും വേണ്ടി വരുന്ന അധിക ബാദ്ധ്യത 5,277 കോടി രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഈ ഇനത്തിൽ നടപ്പ് വർഷത്തെ അധിക ബാദ്ധ്യത നേരിടുന്നതിന് 2,050 കോടി രൂപ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശമ്പള ചെലവുകൾക്ക് ആകെ 26,667 കോടി രൂപയും പെൻഷൻ ചെലവുകൾക്ക് 13,122 കോടി രൂപയുമാണ് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

2014-15 സാമ്പത്തിക വർഷാവസാനം പദ്ധതികൾക്ക് യഥാർത്ഥത്തിലുള്ള ചെലവുകൾ നടത്തുവാനുള്ള തുക മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. തുക ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്താനാണ് ഈ നടപടി സ്വീകരിച്ചത്. ഈ സാമ്പത്തിക വർഷം സെപ്റ്റംബർ വരെയുള്ള കാലയളവിനകം ചെലവഴിക്കാൻ സാദ്ധ്യതയുള്ള 1,602.31 കോടി രൂപ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടുള്ള തുക ഈ സാമ്പത്തിക

വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിവരികയാണ്. 413.22 കോടി രൂപ ഇതിനോടകം തന്നെ ഈ ഇനത്തിൽ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. 2015-16-ൽ ഇത്തരം ചെലവുകൾ നേരിടുന്നതിനായി മൂലധന കണക്കിനത്തിൽ 1,000.00 കോടി രൂപയും റവന്യൂ കണക്കിനത്തിൽ 1,750.00 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

മൂലധന ചെലവിനായി 2015-16-ൽ വകയിരുത്തിയിരിക്കുന്നത് 9,220 കോടി രൂപയാണ്. ഇതിൽ പ്രധാന പശ്ചാത്തലവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 2,000 കോടി രൂപ മൂലധനമായി ഉപയോഗിച്ച് കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് പൊതു വിപണിയിൽ നിന്ന് പണം കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിപണി സാദ്ധ്യതകളെ കുറിച്ച് അവലോകനവും ക്രിയാത്മകവുമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി കോംപിറ്റീറ്റീവ് ബിഡ്ഡിംങ്ങിലൂടെ ഒരു സാമ്പത്തിക ഉപദേഷ്ടാവിനെ കണ്ടെത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വിപണിയിൽ നിന്നും പണം കണ്ടെത്തുന്നതിനായി KSIDC, KINFRA, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയുടെ സഹായവും ഉപയോഗപ്പെടുത്താവുന്നതാണ്.

കാരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ദേശസാൽകൃത ബാങ്കുകളുമായി സഹകരിച്ച് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ധനവകുപ്പിൽ ലഭ്യമായിട്ടുള്ള Letter of Credit പ്രൊപ്പോസലുകൾ പ്രകാരം 2015 ഫെബ്രുവരി വരെ കരാറുകാർക്കു കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക 1,795.66 കോടി രൂപയാണ്. ഇതിൽ 2014 ഡിസംബർ വരെയുള്ള കുടിശ്ശികകൾ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലൂടെ കൊടുത്തു തീർക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനുള്ള ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സിസ്റ്റം നടപ്പിലാക്കി തുടങ്ങി.

റബ്ബർ വിലയിടിവിനെ തുടർന്ന് റബ്ബർ കർഷകർക്കുണ്ടായ ദുരിതങ്ങൾ പരിഹരിക്കുന്നതിന് റബ്ബർ വില സ്ഥിരതാ ഫണ്ട് രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകി 20,000 മെട്രിക് ടൺ റബ്ബർ വാങ്ങാനുള്ള സഹായമായി 300 കോടി രൂപ അനുവദിക്കുന്നതാണ്.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 225 കോടി രൂപ സഹകരണ ബാങ്കുകളിൽ നിന്ന്

സർക്കാർ ഗ്യാരണ്ടിയിൽ വായ്പയെടുക്കുന്നതിന് സപ്ലൈകോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വായ്പ തിരിച്ചടയ്ക്കുന്നതിന് സപ്ലൈകോയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്.